# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# ഡയറക്ടർ (എ & എഫ്)ന്റെ നടപടിക്രമം

(ഹാജർ:– ശ്രീമതി.എസ്. നിഷ)

വിഷയം: കുടുംബശ്രീ – ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി – സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം – ലിങ്കേജ് വായ്പാ ക്യാമ്പെയിൻ, ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ് സംഘടിപ്പിച്ചത് – ചെലവ് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 12/10/2017, 3/11/2017 എന്നീ തീയതികളിലെ ശ്രീകണ്ഠപുരം നഗരസഭാ സെക്രട്ടറിയുടെ NiL നമ്പർ കത്തുകൾ

***ഉത്തരവ് നമ്പർ 9153/F/2015/KSHO(4) തീയതി 20..11..2017***

ദേശീയ നഗര ഉപജീവന മിഷന്റെ സ്വയംതൊഴിൽ ഘടക പദ്ധതി പ്രകാരം നഗര ദരിദ്രർക്ക് അവരെ സ്വയംപര്യാപ്തമാക്കുന്നതിലേയ്ക്കായി തങ്ങളുടെ സാഹചര്യങ്ങൾക്കും അഭിരുചിക്കും, നൈപുണ്യങ്ങൾക്കും അനുസരിച്ചുള്ള തൊഴിൽ പരിശീലനം നൽകുന്നതിനും മെച്ചപ്പെട്ട സ്വയം തൊഴിൽ സംരംഭങ്ങൾ/ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

നൈപുണ്യ പരിശീലന പരിപാടികൾക്ക് പുറമെ വ്യക്തികൾക്കും, കൂട്ടു സംരംഭകർക്കും 3–7 ദിവസത്തെ സംരംഭകത്വ വികസന പരിപാടി നഗരസഭകൾ സംഘടിപ്പിക്കുന്നതിനും; ഒരു സംരംഭത്തിന്റെ നടത്തിപ്പ്, അക്കൗണ്ടിംഗ്, സാമ്പത്തിക നിർവ്വഹണം, വിപണനം, നിയമപരമായ നടപടിക്രമങ്ങൾ, വിലനിശ്ചയിക്കൽ, വരുമാന വിശകലനം തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും പദ്ധതി പ്രധാന്യം നൽകുന്നു. കൂടാതെ കൂട്ടു സംരംഭകർക്കായി സംഘബലതന്ത്രം, തൊഴിൽ വിഭജനം, ലാഭം വീതം വയ്ക്കൽ എന്നീ വിഷയങ്ങളിലും പരിശീലനം നൽകുന്നു.

ഇപ്രകാരം പദ്ധതിയുടെ ലിങ്കേജ് വായ്പ പദ്ധതിയെക്കുറിച്ച് 4/17, 5/17, 6/17 മാസങ്ങളിൽ നഗരസഭയുടെ വിവിധ വാർഡുകളിൽ ക്യാമ്പെയിൻ സംഘടിപ്പിച്ച വകയിൽ 21539/– രൂപയും, സിഡിഎസ് തലത്തിൽ ഏകദിന പൊത അവബോധന പരിപാടി നടത്തിയതിന് 11660*/– രൂപയും ചേർത്ത് ആകെ 33199/–

രൂപ ചെലവ് വന്നിട്ടുണ്ടെന്നും ആയത് അനുവദിച്ചു നൽകുന്നതിനും പരാമർശ പ്രകാരം നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് പദ്ധതി പ്രകാരം ലിങ്കേജ് വായ്പ ക്യാമ്പെയിൻ സംഘടിപ്പിച്ച വകയിലെ 21,539/- രൂപയും സിഡിഎസ് പൊതു അവബോധന പരിപാടി സംഘടിപ്പിച്ച വകയിലെ 11,660/- രൂപയുമായി ആകെ 33,199/- രൂപ ശ്രീകണ്഻പുരം നഗരസഭാ സെക്രട്ടറിക്ക് അനുവദിച്ച് ഉത്തരവാകുന്നു.

ടി ചെലവ് എൻയുഎൽഎം-ലെ IEC ശീർഷകത്തിൽ Interpersonel Events/ Sensitisation Programme (7.1) എന്ന ഉപശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

**ഡയറക്ടർ (എ & എഫ്)**
കുടുംബശ്രീ

To

1. അക്കൗണ്ട്സ് സെക്ഷൻ - തുക അനുവദിക്കുന്നതിന്
2. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി

പകർപ്പ്

1. ജില്ല മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, കണ്ണൂർ ജില്ല
2. ബന്ധപ്പെട്ട സിറ്റി പ്രോജക്ട് ഓഫീസർ
3. ബന്ധപ്പെട്ട സിറ്റി മിഷൻ മാനേജർ
4. കരുതൽ / അധികം